2024
JULY
13
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

E-mail: societytodaynews@gmail.com




## ജൂൺ 25 ഇനി മുതൽ ഭരണഘടനാ ഹത്യാദിനം; ഉത്തരവിറക്കി കേന്ദ്രസർക്കാർ

**ന്യൂഡൽഹി:** രാജ്യത്ത് അടിയന്തരാവസ്ഥ ഏർപ്പെടുത്തിയ ജൂൺ 25 ഇനിമുതൽ ഭരണഘടനാ ഹത്യാദിനമായി ആചരിക്കുമെന്ന് കേന്ദ്രസർക്കാരിന്റെ പ്രഖ്യാപനം. ഇതുസംബന്ധിച്ച ഉത്തരവ് കേന്ദ്രസർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചു. അടിയന്തരാവസ്ഥയ്ക്കെതിരെ ധീരമായി പോരാടിയവർക്ക് ആദരമർപ്പിക്കുന്നതിനാണ് ഈ ദിവസം ഭരണഘടന ഹത്യാദിനമായി ആചരിക്കുന്നതെന്നാണ് ഉത്തരവിൽ പറയുന്നത്. ഉത്തരവിന്റെ പകർപ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും സമൂഹമാധ്യമമായ എക്സിൽ പങ്കുവച്ചു. അതേസമയം തീരുമാനത്തെ എതിർത്ത് കോൺഗ്രസ് രംഗത്തെത്തി.

1975 ജൂൺ 25നാണ് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി, സ്വേച്ഛാധിപത്യപരമായി രാജ്യത്തിനു മേൽ അടിയന്തരാവസ്ഥ അടിച്ചേൽപ്പിച്ചതെന്ന് ഉത്തരവിന്റെ പകർപ്പ് പങ്കുവച്ചുകൊണ്ട് നരേന്ദ്ര മോദി എക്സിൽ കുറിച്ചു. അടിയന്തരാവസ്ഥ ജനാധിപത്യത്തിന്റെ ആത്മാവിനെ ഞെരുക്കിയ ദിവസങ്ങളിൽ, ഒരു തെറ്റും ചെയ്യാത്ത ലക്ഷക്കണക്കിന് ആളുകൾ ജയിലിലേക്ക് വലിച്ചെറിയപ്പെട്ടു. മാധ്യമങ്ങളെയടക്കം നിശബ്ദമാക്കിയ ജൂൺ 25 ഇനി എല്ലാ വർഷവും 'സംവിധാൻ ഹത്യ ദിവസ്' (ഭരണഘടനാ ഹത്യാദിനം) ആയി ആചരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

## നിക്ഷേപം 10,000 കോടി രൂപയായി വർധിപ്പിക്കുമെന്ന് അദാനി ഗ്രൂപ്പ്

**ന്യൂഡൽഹി:** വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിനുള്ള നിക്ഷേപം 10,000 കോടി രൂപയായി (120 കോടി ഡോളർ) വർധിപ്പിക്കുമെന്ന് അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡ്. പുതിയ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ നിർമാണത്തിനാണ് അദാനി ഗ്രൂപ്പ് നിക്ഷേപം നടത്തുക. 2028 ഓടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ രണ്ടാംഘട്ടത്തിലാണ് അദാനി ഗ്രൂപ്പ് അധികനിക്ഷേപം നടത്തുകയെന്ന് കമ്പനിയുമായി അടുത്ത വൃത്തങ്ങൾ പറഞ്ഞു.

എംഎസ്സി മെഡിറ്ററേനിയൻ ഷിപ്പിങ് കമ്പനി, എപി മോളർ മെഴ്സ്ക് എ/എസ്, ഹാപ്പഗ്ലോയ്ഡ് എന്നിവയടക്കമുള്ള ലോകോത്തര ഷിപ്പിങ് കണ്ടെയ്നർ കമ്പനികളെ വിഴിഞ്ഞത്തേക്ക് ആകർഷിക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നതെന്നാണ് റിപ്പോർട്ട്. പ്രധാനമായും തുറമുഖത്തിന്റെ ആഴം കൂട്ടാനും തിരമാലകളിൽനിന്ന് തുറമുഖത്തെ സംരക്ഷിക്കുന്ന പുലിമുട്ടിന്റെ (ബ്രേക്ക്‌വാട്ടർ) നീളം കൂട്ടാനുമാണ് തുക ഉപയോഗിക്കുക.

പ്രതിവർഷം 6,000 കോടിയുടെ നിക്ഷേപം വിഴിഞ്ഞത്തു നടത്താനുദ്ദേശിക്കുന്നുണ്ടെന്നാണ് അദാനി പോർട്സിന്റെ ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ കരൺ അദാനി ഒക്ടോബറിൽ പറഞ്ഞിരുന്നത്. വലിയ കപ്പലുകൾക്കു പ്രവേശിക്കാൻ സാധ്യമാകുന്ന തരത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ആഴം കൂട്ടുന്നതോടെ നിലവിൽ കൊളംബോ, ദുബായ്, സിംഗപ്പൂർ എന്നിവിടങ്ങളിലേക്കു പോകുന്ന കപ്പലുകൾക്ക് ഇന്ത്യയിൽ ചരക്കിറക്കാൻ സാധിക്കും.

# സർക്കാർ അനുമതിയില്ല

# ശമ്പള പരിഷ്കരണം തീരുമാനിക്കുന്നത് കെഎസ്ഇബി; സിഎജി

### ഇതിന്റെയെല്ലാം ബാധ്യത ജനങ്ങൾക്കും




**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ അംഗീകാരമില്ലാതെ കെഎസ്ഇബി ലിമിറ്റഡ് ശമ്പള പരിഷ്കരണം നടപ്പിലാക്കിയതു ദുർബലമായ കമ്പനിയുടെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ തളർത്തുമെന്നു കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി) റിപ്പോർട്ടിൽ മുന്നറിയിപ്പ്. കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും കേരള സർക്കാരിന്റെ ഉത്തരവുകളും ലംഘിച്ച് ശമ്പള പരിഷ്കരണം നടപ്പാക്കിയതുവഴി 1,011 കോടി രൂപയും പെൻഷൻ പരിഷ്കരണ കുടിശിക ഇനത്തിൽ 306.66 കോടിയും അനിയന്ത്രിതമായി ചെലവഴിച്ചെന്നു സിഎജി വ്യക്തമാക്കി.

കമ്പനിയുടെ ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനു കേരള സർക്കാരിന്റെ മുൻകൂർ അനുമതി വേണം. കമ്പനിയുടെ ഡയറക്ടർ ബോർഡ് 2021 ഫെബ്രുവരി 26ന് സർക്കാരിന്റെ അംഗീകാരമില്ലാതെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പെൻഷനും പരിഷ്കരിച്ചു. 1995, 2001, 2007, 2011, 2016 എന്നീ വർഷങ്ങളിലും ഇത്തരം ക്രമരഹിതമായ പരിഷ്കരണങ്ങൾ നടത്തിയിട്ടുണ്ടെന്നും സിഎജി ചൂണ്ടിക്കാട്ടി.

2021ലെ ശമ്പള പരിഷ്കരണം മൂലമുള്ള വാർഷിക സാമ്പത്തിക ബാധ്യത പ്രതിവർഷം 543 കോടിയാണ്. ഇതിന്റെയെല്ലാം ബാധ്യത ജനങ്ങളുടെ തലയിൽ കെട്ടിവെക്കുകയാണ് കെഎസ്ഇബി. സിഎജി വ്യക്തമാക്കി.

തൽഫലമായി, 201718 മുതൽ 202021 വരെയുള്ള കാലയളവിൽ ശമ്പളച്ചെലവ് കമ്പനിയുടെ വരുമാനത്തിന്റെ 23.77 ശതമാനത്തിൽനിന്ന് 46.59 ശതമാനമായി വർധിച്ചു. വിരമിക്കൽ ആനുകൂല്യങ്ങളിൽ 14,152.56 കോടിയുടെ കുത്തനെയുള്ള വർധനവിനു പ്രധാന കാരണം ശമ്പള പരിഷ്കരണമായിരുന്നെന്നും സിഎജി കണ്ടെത്തി. സർക്കാർ നിർദേശങ്ങൾ അവഗണിച്ചതിനു ഗ്രാന്റ് തടഞ്ഞുവയ്ക്കണമെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ധനവകുപ്പ് ആവശ്യപ്പെട്ടെങ്കിലും വൈദ്യുതി വകുപ്പ് തയാറായിട്ടില്ല.

ഈ ശുപാർശ വൈദ്യുതി വകുപ്പ് നടപ്പാക്കണമെന്നും മുൻകൂർ അനുമതിയോടെ മാത്രമേ ശമ്പളം അലവൻസുകളും പെൻഷനും കമ്പനി പരിഷ്കരിക്കുന്നുള്ളൂവെന്നു സർക്കാർ ഉറപ്പ് വരുത്തണമെന്നും സിഎജി നിർദേശിച്ചു.

## വിപണികൾക്ക് ചരിത്രനേട്ടം; ഐടി സെക്ടറിൽ വൻ കുതിപ്പ്

**ന്യൂഡൽഹി:** കഴിഞ്ഞ ദിവസം കനത്ത ഇടിവു നേരിട്ട ഓഹരി വിപണി ഇന്ന് (10/07/2024) പുത്തൻ റെക്കോഡിൽ. വ്യാപാരത്തിൻറെ തുടക്കത്തിൽ സെൻസെക്സ് 1.24 ശതമാനം മുന്നേറി 80,852.17 പോയിൻറിലെത്തി. നിഫ്റ്റിയിലും സമാനമായ മുന്നേറ്റം ദൃശ്യമായി. 1.13 ശതമാനമാണ് നിഫ്റ്റി ഉയർന്ന് 24,592.20 പോയിൻറിലെത്തിയതോടെ 24,500 എന്ന സൈക്കോളജിക്കൽ ലെവൽ മറികടന്നു.

നിലവിൽ സെൻസെക്സ് 80,452.78 പോയൻറിലും നിഫ്റ്റി 24,492.40 പോയൻറിലുമാണ് വ്യാപാരം തുടരുന്നത്. ഐടി സ്റ്റോക്കുകളുടെ പിൻബലത്തിലാണ് ഇന്ന് ഇന്ത്യൻ ഓഹരി വിപണി കുതിച്ചത്. നിഫ്റ്റി ഐടി സെക്ടറിൽ മാത്രം 3.41 ശതമാനത്തിൻറെ കുതിപ്പാണ് ദൃശ്യമായത്.

ടിസിഎസ്, ആക്സിസ് ബാങ്ക്, ടെക് മഹീന്ദ്ര, വിപ്രോ എന്നിവ മികച്ച നേട്ടം ഉണ്ടാക്കി. നേട്ടം ഉണ്ടാക്കിയത്. നിഫ്റ്റി സ്മോൾ ക്യാപ്, നിഫ്റ്റി മിഡ്ക്യാപ് ഓഹരികളും നേട്ടത്തിൻറെ പാതയിലാണ്. മാരുതി, ഏഷ്യൻ പെയിൻറ്സ് ഓഹരികൾ നഷ്ടം നേരിട്ടു.





സൊസൈറ്റി ടുഡേ
SOCIETY TODAY

# കുസാറ്റിൽ പി.ഡി.എഫ്, ജെ.ആർ.എഫ് ഒഴിവ്

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ മറൈൻ ബയോളജി, മൈക്രോബയോളജി & ബയോകെമിസ്ട്രി വകുപ്പിൽ അക്വാട്ടിക് വാക്സിൻ ഡവലപ്മെൻറ് (പി.ഡി.എഫ്1, ജെ.ആർ.എഫ്1), ഐ.സി.എം.ആർ (ജെ.ആർ.എഫ്2) പ്രോജക്റ്റുകളിൽ പോസ്റ്റ് ഡോക്ടറൽ ഫെല്ലോ, ജൂനിയർ റിസർച്ച് ഫെല്ലോ ഒഴിവിലേക്ക് യോഗ്യരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. വിശദമായ ബയോഡാറ്റയും അപേക്ഷയും ജൂലൈ 31 ന് മുമ്പായി preetham@cusat.ac.in എന്ന മെയിലിലേക്ക് അയക്കുക. . കൂടുതൽ വിവരങ്ങൾക്ക് www.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# പുളിങ്കുന്ന് എൻജിനീയറിംഗ് കോളേജിൽ ബിരുദദാന ചടങ്ങ് ഇന്ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ് കുട്ടനാട് (സിയുസിഇകെ) യിലെ 202324 അക്കാദമിക വർഷത്തെ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഇന്ന് സെമിനാർ കോംപ്ലക്സിൽ രാവിലെ 10.30 ക്ക് നടക്കും . പി.എച്ച് .ഡി,എം.സി.എ, ബി. ടെക് ബിരുദം കരസ്ഥമാക്കിയ വിദ്യാർത്ഥികളാണ് ചടങ്ങിൽ പങ്കെടുക്കുന്നത്. എം.ജി സർവകലാശാല മുൻ വൈസ് ചാൻസലറും ട്രെസ്റ്റ് റിസർച്ച് പാർക്ക് ചെയർമാനുമായ പ്രൊഫ.ഡോ. സാബു തോമസ് ആണ് മുഖ്യാതിഥി. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.ഡോ. പി.ജി.ശങ്കരൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ രജിസ്ട്രാർ പ്രൊഫ.ഡോ.ശിവാനന്ദൻ ആചാരി, സിയുസിഇകെ പ്രിൻസിപ്പാൾ പ്രൊഫ.ഡോ.ആശാലത ആർ എന്നിവർ സംസാരിക്കും.

# എം.എ ഹിന്ദി പ്രോഗ്രാമിൽ മൂന്നാം ഘട്ട സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശലയിലെ ഹിന്ദി വകുപ്പിൽ എം.എ ഹിന്ദി പ്രോഗ്രാമിൽ ഒഴിവുള്ള 6 സീറ്റുകളിലേക്കായി ജൂലൈ 15 ന് രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷൻ നടത്തും. കുസാറ്റിൻറെ ക്യാറ്റ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 10:00 ന് മുമ്പ് ഹിന്ദി വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in , എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ hodhindi@cusat.ac.in എന്ന മെയിലിലോ 9446428447, 9895664682, 0484286 2500 എന്ന നമ്പറുകളിലോ ബന്ധപ്പെടുക .




# ബിരുദ സമർപ്പണവും മെറിറ്റ് ഈവനിങ്ങും സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് 202324 അക്കാദമിക വർഷം ബിരുദം കരസ്ഥമാക്കിയ വിദ്യാർത്ഥികളുടെ ബിരുദ സമർപ്പണം സെമിനാർ കോംപ്ലക്സിൽ നടന്നു . പി.എച്ച് .ഡി,എം.ടെക്, ബി. ടെക് ബിരുദം കരസ്ഥമാക്കിയ , അറുന്നൂറിൽ പരം വിദ്യാർത്ഥികൾ ചടങ്ങിൽ പങ്കെടുക്കും.മുൻ ഡയറക്ടർ ജനറലും(എയ്റോസ്പേസ് സിസ്റ്റംസ്ഡി. ആർ.ഡി.ഒ) നിച്ചേ, കന്യാകുമാരി വൈസ് ചാൻസലറും ആയ ഡോ.ടെസ്സി തോമസ് ആയിരുന്നു ചടങ്ങിലെ മുഖ്യ അതിഥി.സിവിൽ സർവീസ് വിജയികൾ ആയ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെയും ഓരോ ബ്രാഞ്ചിലും ഒന്നാമത് എത്തിയ വിദ്യാർത്ഥികളെയും ചടങ്ങിൽ ആദരിച്ചു. സ്ഥല പരിമിതി മൂലം രക്ഷാകർത്താക്കൾക്ക് ചടങ്ങിൽ പ്രവേശനം ഇല്ല.പകരം അവർക്കായി തൽസമയ യൂട്യൂബ് സംപ്രേക്ഷണം ഒരുക്കിയിരിന്നു.

# പുതിയ സാങ്കേതികവിദ്യയെ ജീവിതത്തിൻറെ ഭാഗമാക്കാൻ വനിതകൾ പ്രത്യേകം ശ്രദ്ധിക്കണം ജെൻ എഐ കോൺക്ലേവ്



**കൊച്ചി:** പുത്തൻ സാങ്കേതികവിദ്യകൾ സ്വായത്തമാക്കാൻ വനിതകൾ സദാ ശ്രദ്ധിക്കണമെന്ന് കൊച്ചിയിൽ സമാപിച്ച ജെനറേറ്റീവ് എഐ കോൺക്ലവിൽ അഭിപ്രായമുയർന്നു. പാർശ്വവത്കരണത്തിൽ നിന്നും മോചനം നേടാനുള്ള സുപ്രധാന വഴി പുതിയ സാങ്കേതികവിദ്യയിൽ പ്രാവീണ്യം നേടുകയാണെന്നും കോൺക്ലേവിൽ നടന്ന 'സാങ്കേതികവിദ്യയിൽ പുതിയ അതിർവരമ്പുകൾ തീർക്കുന്നതിൽ ജെൻ എഐയുടെ പ്രാധാന്യം' എന്ന വിഷയത്തിൽ പങ്കെടുത്ത വിദഗ്ധർ അഭിപ്രായപ്പെട്ടു.

ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ, ഡിജിറ്റൽ സർവകലാശാല പ്രൊഫ. ഡോ. എലിസബത്ത് ഷേർളി, ഐബിഎം മാനേജിംഗ് പാർട്ണർ ആൻഡ് ക്ലയിൻറ് ഇനോവേഷൻ സെൻറർ ലീഡർ ഉഷ ശ്രീകാന്ത് എന്നിവരാണ് ചർച്ചയിൽ പങ്കെടുത്തത്.

സാങ്കേതികവിദ്യയിൽ വനിതകളുടെ പങ്ക് എന്ന വിഷയം ചർച്ച ചെയ്യാൻ പോലും അവസരമില്ലാത്ത വിധം സമത്വം ഈ മേഖലയിൽ ഭാവിയിൽ ഉണ്ടാകണമെന്ന് ശാലിനി വാര്യർ പറഞ്ഞു. പുതിയ എന്തിനെയും സ്വായത്തമാക്കുന്നതിലെ സങ്കോചമാണ് സ്ത്രീകളെ സാങ്കേതികമേഖലയിൽ പിന്നാക്കം കൊണ്ടു പോകുന്നത്. വനിതാപ്രാതിനിധ്യം കൂടുതലുള്ള മേഖലയെന്ന നിലയിൽ ബാങ്കിൻറെ ഡിജിറ്റൽ വിഭാഗത്തിൽ വനിതകളോട് കൂടുതൽ താത്പര്യമെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അവർ പറഞ്ഞു.

പഠിക്കുക, പഠിച്ചത് ഉപേക്ഷിക്കുക, വീണ്ടും പഠിക്കുക എന്നതാകണം ഈ രംഗത്ത് വനിതകളുടെ മന്ത്രമെന്ന് ശാലിനി വാര്യർ ചൂണ്ടിക്കാട്ടി. ഉപഭോക്തൃ സേവനത്തിലാണ് നിർമ്മിതബുദ്ധിയ്ക്ക് ഏറെ പ്രാധാന്യമുള്ളതെന്നും അവർ ചൂണ്ടിക്കാട്ടി.

നാട്ടിലെ വിദ്യാഭ്യാസ സമ്പ്രദായത്തെ ജെൻ എഐ അടിമുടി സ്വാധീനിച്ചു കൊണ്ടിരിക്കുകയാണെന്ന് ഡോ. എലിസബത്ത് ഷേർളി പറഞ്ഞു. മികച്ച സാങ്കേതിക സൗകര്യം, സാമ്പത്തിക സഹായം, വിദഗ്ധോപദേശം എന്നിവയാണ് വനിതകൾക്ക് ഈ രംഗത്ത് ഉയർന്നു വരാനാവശ്യമായത്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഡിജിറ്റൽ സർവകലാശാല, സ്റ്റാർട്ടപ്പ് തുടങ്ങിയ എല്ലാ സംവിധാനങ്ങളും വനിതകൾക്ക് ഏറെ പ്രാധാന്യം നൽകി വരുന്നുണ്ടെന്നും അവർ പറഞ്ഞു.




# കാത്തിരിപ്പിനൊടുവിൽ വടയമ്പാടിയിലെ പൊതു ശ്മശാനം യാഥാർഥ്യമാകുന്നു

**കോലഞ്ചേരി:** പൂത്തൃക്ക ഗ്രാമപഞ്ചായത്തും ബി.പി.സി.എല്ലും ചേർന്ന് വടയമ്പാടിയിൽ നിർമ്മിച്ചിട്ടുള്ള പൊതു ശ്മശാനം അഡ്വ. പി.വി. ശ്രീനിജിൻ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ജൂലൈ 16 ചൊവ്വാഴ്ച രാവിലെ 11.30ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ബെന്നി ബഹനാൻ എം.പി. മുഖ്യാതിഥിയാകും.ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ പ്രവർത്തനം ആഗസ്റ്റ് 1 മുതൽ തുടങ്ങുമെന്ന് പഞ്ചായത്ത് അധികൃതർ പത്രസമ്മേളനത്തിൽ അറിയിച്ചു.

നാലു പതിറ്റാണ്ടിലധികമായുള്ള കാത്തിരിപ്പിനൊടുവിലാണ് വടയമ്പാടിയിലെ പൊതു ശ്മശാനം യാഥാർഥ്യമാകുന്നത്. 1981ൽ പി. എം. പൈലിപ്പിള്ള പഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്താണ് പൊതു ശ്മശാനത്തിന് സ്ഥലം വാങ്ങി നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടം തുടങ്ങുന്നത്. 2008 2009 വർത്തിൽ രാജ്യ സഭാംഗമായിരുന്ന കെ. ചന്ദ്രൻ പിള്ളയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച 25 ലക്ഷം രൂപ ഉപയോഗിച്ചു നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാൻ നടപടികൾ തുടങ്ങി. എന്നാൽ പരാതികളുടെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അന്നത്തെ കളക്ടർ ലൈസൻസ് നിഷേധിച്ചതോടെ നിർമ്മാണപ്രവർത്തനങ്ങൾ നിലച്ചു. ശ്മശാനം നിർമ്മിക്കണമെന്ന ആവശ്യം ശക്തമായതോടെ പഞ്ചായത്ത് അംഗം എൻ.വി. കൃഷ്ണൻകുട്ടി ഹൈക്കോടതിയിൽ നൽകിയ ഹർജിയുടെ അടിസ്ഥാനത്തിൽ കോടതിയുടെ അനുവാദം ലഭിച്ചതോടെ സർക്കാർ 2018ൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടരാനും അനുമതി നൽകി. ഇതോടെ കൊച്ചിൻ റിഫൈനറി 50 ലക്ഷം രൂപയും പഞ്ചായത്ത് 25 ലക്ഷവും അനുവദിച്ചാണ് നിർമ്മാണം പൂർത്തിയാക്കിയത്. മലിനീകരണമില്ലാതെ ആധുനിക രീതിയിലാണ് ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് പ്രസിഡന്റ് ടി.പി. വർഗീസ് അറിയിച്ചു.

പഞ്ചായത്ത് പരിധിയിലുള്ളവരുടെ മൃതദേഹം സംസ്ക്കരിക്കുന്നതിന് 3000 രൂപയും എസ്.സി.എസ്.ടി വിഭാഗത്തിലുള്ളവർക്ക് മാത്രം 2500 രൂപയും പഞ്ചായത്തിന് പുറത്തുള്ളവർക്ക് 4000 രൂപയുമാണ് ചെലവു വരിക. പത്ര സമ്മേളനത്തിൽ അംഗങ്ങളായ സിനി ജോയി, മാത്യൂസ് കുമ്മണ്ണൂർ, അഡ്വ. ബിജു കെ. ജോർജ്, എൻ.വി. കൃഷ്ണൻകുട്ടി, ബിന്ദു ജയൻ, ടി.വി. രാജൻ, എം.വി. ജോണി, നിഷ സജീവ്, ശോഭന സലീപൻ എന്നിവർസംബന്ധിച്ചു.

# ഡിഎംഎയുടെ 75ാമത് വാർഷികം: ഉദ്ഘാടനം നാളെ

**ന്യൂ ഡൽഹി:** ഡൽഹി മലയാളി അസോസിയേഷന്റെ 75ാമത് വാർഷികാഘോഷങ്ങൾക്കായി ഇന്ദ്രപ്രസ്ഥത്തിലെ താൽക്കത്തോറ ഇൻഡോർ സ്റ്റേഡിയം അണിഞ്ഞൊരുങ്ങി. ദിവസം മുഴുവൻ നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾ ജൂലൈ 14 ഞായറാഴ്ച്ച രാവിലെ 10 മണിക്ക് ഉദ്ഘാടനം ചെയ്യും. രാത്രി 10 മണിക്ക് സമാപിക്കും.

കേന്ദ്രക്കമ്മിറ്റി അവതരിപ്പിക്കുന്ന രംഗപൂജയോടെ പരിപാടികൾ ആരംഭിക്കും. കൈകൊട്ടിക്കളി, ഭാരതീയം, ത്രിവർണികാ, കുച്ചിപ്പുടി, ഫ്യൂഷൻ ഡാൻസ്, മാർഗം കളി, ത്രിവേണി സംഗമം ഫിൽമി ഡാൻസ്, ട്രഡീഷണൽ ഫോക് ഡാൻസ്, വൺ ഇന്ത്യാ അർദ്ധ ശാസ്ത്രീയ നൃത്തം, മലയാളം, തമിഴ്, ഹരിയാൻവി, രാജസ്ഥാനി, പഞ്ചാബി, ഗുജറാത്തി, എന്നീ നാടോടിനൃത്തങ്ങൾ, ഒപ്പന, കേരളീയം നൃത്ത ശിൽപ്പം എന്നിവ അരങ്ങേറും. വികാസ്പുരി ഹസ്തസാൽ, മയൂർ വിഹാർ ഫേസ്2, വസുന്ധര എൻക്ലേവ്, പശ്ചിമ വിഹാർ, അംബേദ്കർ നഗർ, ബദർപ്പൂർ, രോഹിണി, ദ്വാരക, മാഹിപാൽപ്പൂർകാപ്പസ് ഹേഡാ, ദിൽഷാദ് കോളനി, ജനക് പുരി, ആർ കെ പുരം, കാൽക്കാജി, പട്ടേൽ നഗർ, സൗത്ത് നികേതൻ, കരോൾ ബാഗ്കൊണാട്ട് പ്ലേസ്, മെഹ്റോളി എന്നീ ഏരിയകളാണ് പരിപാടികൾ അവതരിപ്പിക്കുക.

വൈകുന്നേരം 3 മണിക്ക് 75ാമത് വാർഷിക ആഘോഷങ്ങളോടനുബന്ധിച്ചു ഡിഎംഎയുടെ 29 ശാഖകൾ നടത്തുന്ന ഫ്ലാഗ് മാർച്ചും താലപ്പൊലി, ചെണ്ടമേളം എന്നിവയും മയൂർ വിഹാർ ഫേസ്1 ശാഖ ഒരുക്കുന്ന തീം സോങ്ങും സാംസ്കാരിക സമ്മേളനത്തിനു മുന്നോടിയായി അരങ്ങേറും.

തുടർന്ന് പ്രസിഡന്റ് കെ രഘുനാഥിന്റെ അധ്യക്ഷതയിൽ ചേരുന്ന സാംസ്കാരിക സമ്മേളനത്തിൽ സിനിമാ താരം ജോജു ജോർജ്ജ് മുഖ്യാതിഥിയും സൈജു കുറുപ്പ് വിശിഷ്ടാതിഥിയുമാകും. ഡിഎംഎ രക്ഷാധികാരി ഗോകുലം ഗോപാലൻ, ആഘോഷക്കമ്മിറ്റി ചെയർപേഴ്സൺ ഡോ ലില്ലി ജോർജ്ജ്, ജനറൽ സെക്രട്ടറി ടോണി കണ്ണമ്പുഴ, വൈസ് പ്രസിഡന്റും വാർഷികാഘോഷക്കമ്മിറ്റി ജനറൽ കൺവീനറുമായ കെ വി മണികണ്ഠൻ, സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖരും ചടങ്ങിൽ പങ്കെടുക്കും.

ഡിഎംഎ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ഡിഎംഎ മുൻ പ്രസിഡന്റ് എ വി ഭാസ്കരനും ഡിഎംഎ വിശിഷ്ട സാമൂഹ്യ സേവാ പുരസ്കാരം, മനുഷ്യ സ്നേഹിയും സാമൂഹിക പ്രവർത്തകനുമായ കെ ആർ മനോജും ഡിഎംഎ വിശിഷ്ട സേവാ പുരസ്കാരം മുൻ പ്രസിഡന്റ് സി എ നായരും മുൻ വൈസ് പ്രസിഡന്റ് എം പി സുരേഷും, ഡിഎംഎ കലാഭാരതി പുരസ്കാരം കലാമണ്ഡലം രാധാ മാരാരും ചടങ്ങിൽ ഏറ്റുവാങ്ങും.

75 വർഷത്തെ ഡിഎംഎയുടെ പാരമ്പര്യം ആഘോഷിക്കുന്നതിന്റെ സൂചകമായി 'ഇന്ദ്രോദയം' എന്ന സുവനീർ പ്രകാശനവും ചെയ്യും. കൂടാതെ 202324 അധ്യയന വർഷത്തിൽ ഉന്നത വിജയം നേടിയ ഗായത്രി അജിത് (സയൻസ്), അശ്വിൻ എ കേശവ് (ഹ്യൂമാനിറ്റീസ്), അഞ്ജന പി കെ (കോമേഴ്സ്) എന്നിവർക്ക് ഡിഎംഎ സലിൽ ശിവദാസ് മെമ്മോറിയൽ സ്റ്റുഡന്റ്സ് എക്സലൻസ് അവാർഡുകൾ വിതരണം ചെയ്യും. മലയാളം മിഷന്റെ ഹയർ ഡിപ്ലോമ കോഴ്സായ 'നീലക്കുറിഞ്ഞി' പരീക്ഷയിൽ വിജയികളായ ഐശ്വര്യ ബി, രഞ്ജിതാ റജി, മാളവിക അജികുമാർ എന്നീ വിദ്യാർത്ഥികളെയും മുൻ കേന്ദ്രക്കമ്മിറ്റി ഭാരവാഹികളെയും ചടങ്ങിൽ ആദരിക്കും.

തുടർന്ന് പിന്നണി ഗായകരായ വിധു പ്രതാപ്, രഞ്ജിനി ജോസ് തുടങ്ങിയവർ നയിക്കുന്ന സംഗീത സായാഹ്നം ആഘോഷ രാവിന് ചാരുതയേകും.



പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ കബറിങ്കൽ പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ധൂപ പ്രാർത്ഥന നടത്തുന്നു.

# ഓർമ്മപ്പെരുന്നാൾ സമാപിച്ചു

**കോട്ടയം:** പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെ മൂന്നാം ഓർമ്മപ്പെരുന്നാൾ സമാപിച്ചു. ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ നടന്ന വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയ്ക്ക് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രധാന കാർമികത്വവും, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ, എബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ എന്നിവർ സഹകാർമികത്വവും വഹിച്ചു. തുടർന്ന് അനുസ്മരണ പ്രസംഗവും, കബറിങ്കൽ ധൂപ പ്രാർത്ഥനയും, പ്രദക്ഷിണവും നടന്നു. മെത്രാപ്പോലീത്താമാർ, നിയുക്ത മെത്രാപ്പോലീത്താമാർ, വൈദികർ അടക്കമുള്ള വൻജനസമൂഹം പെരുന്നാൾ ചടങ്ങുകളിൽ പങ്കെടുത്തു.

## കെയർ ഹോം നടത്തുന്നവർ പ്രത്യേക ശ്രദ്ധ പുലർത്തണം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് കുട്ടികളുടേയും മുതിർന്നവരുടേയും കെയർ ഹോം നടത്തുന്നവർ പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. തിരുവനന്തപുരം നെയ്യാറ്റിൻകരയിലെ സ്വകാര്യ കെയർ ഹോമിൽ കോളറ സ്ഥിരീകരിച്ച സാഹചര്യത്തിൽ സ്ഥിതിഗതികൾ അവലോകനം ചെയ്തു. പ്രദേശത്ത് കോളറ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിലേയും മെഡിക്കൽ കോളേജിലേയും സംഘങ്ങൾ സ്ഥലം സന്ദർശിച്ച് തുടർനടപടികൾ സ്വീകരിച്ചു. ജില്ലാ റാപ്പിഡ് റെസ്പോൺസ് ടീം യോഗം ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. എല്ലാ ജല സ്രോതസുകളിൽ നിന്നും വെള്ളത്തിന്റെ സാമ്പിളുകളും വിവിധ ഭക്ഷണ സാമ്പിളുകളും പരിശോധനയ്ക്കായി അയച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

നിലവിൽ രോഗം ബാധിച്ചവരെ ഐരാണിമുട്ടത്തെ ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ച് ചികിത്സ ഉറപ്പാക്കി. കൂടുതൽ രോഗികളെത്തിയാൽ പരിചരണമൊരുക്കാനുള്ള സംവിധാനങ്ങളുമൊരുക്കി. കെയർ ഹോമിലുള്ള ചിലർ വീടുകളിൽ പോയതിനാൽ അവരെ കണ്ടെത്തി നിരീക്ഷിച്ചു വരുന്നു. സ്ഥാപനത്തിന്റെ തന്നെ സ്കൂളിലെ കുട്ടികളുടേയും ജീവനക്കാരുടേയും പട്ടിക തയ്യാറാക്കി നിരീക്ഷണം ശക്തമാക്കി.

സാധ്യമായിട്ടുള്ള എല്ലാ കാര്യങ്ങളും ആരോഗ്യ വകുപ്പ് ചെയ്തിട്ടുണ്ട്. നെയ്യാറ്റിൻകര നഗരസഭയും നഗരസഭയുടെ ആരോഗ്യ വിഭാഗവും പ്രവർത്തനങ്ങൾ ശക്തമാക്കി. പ്രദേശത്തെ കിണറുകൾ ക്ലോറിനേറ്റ് ചെയ്തു. പ്രദേശത്ത് അവബോധം ശക്തിപ്പെടുത്തി. പുതിയ ക്ലസ്റ്ററുകൾ ഉണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിക്കാനും നിരീക്ഷണം ശക്തമാക്കാനും മന്ത്രി നിർദേശം നൽകി.

കെ. ആൻസലൻ എംഎൽഎ, നഗരസഭാ ചെയർമാൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ, തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ, ജില്ലാ സർവൈലൻസ് ഓഫീസർ, ആരോഗ്യ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ, ആശുപത്രി സൂപ്രണ്ടുമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## ഐ.ടി.ഐ. പ്രവേശനം

**തിരുവനന്തപുരം:** വിവിധ എൻ.സി.വി.ടി/എസ്.സി.വി.ടി ട്രേഡുകളിലേക്കുള്ള ഐടിഐ പ്രവേശനത്തിനായുള്ള ഓൺലൈൻ അപേക്ഷകളുടെ വെരിഫിക്കേഷൻ സമയ പരിധി 15ന് അവസാനിക്കും. ഫീസ് ഒടുക്കാനും വെരിഫിക്കേഷൻ നടത്താനുമുള്ള അപേക്ഷകർ ജൂലൈ 15ന് മുൻപ് സമീപത്തുള്ള ഐ ടി ഐ സന്ദർശിച്ച് വെരിഫിക്കേഷൻ പൂർത്തിയാക്കണം.



# 2030ഓടെ പ്രമേഹരഹിത ഇന്ത്യ ലക്ഷ്യമെന്ന് ഡോ. ബൻഷി സാബൂ

## പന്ത്രണ്ടാമത് ത്രിദിന ആഗോള പ്രമേഹരോഗ കൺവെൻഷന് കോവളത്ത് തുടക്കം

**തിരുവനന്തപുരം:** 2030ഓടെ പ്രമേഹരഹിത ഇന്ത്യയാണ് വൈദ്യശാസ്ത്ര സമൂഹം ലക്ഷ്യമിടുന്നതെന്ന് പ്രമുഖ പ്രമേഹ രോഗവിദഗ്ധനായ ഡോ. ബൻഷി സാബൂ. കോവളത്ത് ഹോട്ടൽ ഉദയ സമുദ്രയിലാരംഭിച്ച ത്രിദിന ആഗോള ഡയബറ്റീസ് കൺവെൻഷനായ ജ്യോതിദേവ്സ് പ്രൊഫഷണൽ എഡ്യുക്കേഷൻ ഫോറം ഡയബറ്റീസ് അപ്ഡേറ്റ് 2024ന്റെ (ജെപിഇഎഫ്) പന്ത്രണ്ടാമത് പതിപ്പിൽ ആദ്യദിനമായ ഇന്നലെ പ്രമേഹത്തിന്റെ പ്രാരംഭകാല പ്രതിരോധം എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 203നു ശേഷം ജനിക്കുന്ന ഒരു കുഞ്ഞിനും അതിന്റെ ജീവിതകാലത്ത് പ്രമേഹം പിടിപെടില്ലെന്ന്ാണ് ഇതിലൂടെ ഉറപ്പുവരുത്താൻ ശ്രമിക്കുന്നതെന്ന് അദ്ദേഹം വിശദീകരിച്ചു. ബഹുമുഖമായ പരിപാടികളാണ് ഇതിനായി നടപ്പാക്കാനുള്ളത്. ആരോഗ്യശാസ്ത്രം സ്കൂൾ തലം മുതൽ പാഠ്യവിഷയമാക്കൽ, കായികവിനോദങ്ങൾ കൂടുതൽ പ്രോത്സാഹിപ്പിക്കൽ, ആരോഗ്യകരമായ ഭക്ഷണം വിദ്യാലയങ്ങളിൽ ലഭ്യമാക്കൽ, അമ്മമാരുടെ ആരോഗ്യം ഉറപ്പുവരുത്തുന്ന വ്യായാമം, ഭക്ഷണശീലം, ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണവിഭവങ്ങൾ ഒഴിവാക്കുന്നതിന് ചെറുപ്പക്കാരെ പ്രേരിപ്പിക്കൽ, പൊതുഗതാഗതം ഉപയോഗപ്പെടുത്തൽ, വ്യായാമം പ്രോത്സാഹിപ്പിക്കൽ, സ്ഥിരമായ രോഗലക്ഷണ നിരീക്ഷണങ്ങൾ തുടങ്ങിയവയാണ് ഇതിനായുള്ള കർമപരിപാടികളിൽ പ്രമുഖമെന്ന് അദ്ദേഹം പറഞ്ഞു. ഗർഭിണികളുടെ പോഷകക്കുറവ്, ഗർഭകാല പ്രമേഹം, കുട്ടിക്കാലത്തെ അമിതപോഷണം, അമിതവണ്ണം, കൗമാരക്കാരുടേയും പ്രായം ചെന്നവരുടേയും ജീവിതശൈലികൾ തുടങ്ങിയവ ഇക്കാര്യത്തിൽ നിർണായകമാണ്. ഭാരക്കുറവോടെ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് മെറ്റബോളിക് സിൻഡ്രോമുകൾ പിടിപെടാൻ സാധ്യത കൂടുതലാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.




ഇന്നലെ നടന്ന വിവിധ സെഷനുകളിൽ മേഹക് ധിംഗ്ര, ഡെൽഹി, ഡോ. ഹൊസ്സാം അറഫ ഗാസി, ഈജിപ്ത് (തൈറോയ്ഡ് ക്രമക്കേടുകൾ കണ്ടുപിടിക്കാൻ ഡയബറ്റോളജിസ്റ്റുകൾക്ക് എഐ ഉപയോഗിക്കാമോ?): ഡോ പി കെ ജബ്ബാർ, തിരുവനന്തപുരം (ഇൻസുലിൻ മാനേജ്മെന്റിലെ കൃത്യതകൾ, രണ്ടാം തലമുറ ഇൻസുലിൻ); ഡോ പി സെൽവപാണ്ഡ്യൻ, ചെന്നൈ ഡോ വിമൽ എം വി, കോഴിക്കോട് ഡോ ബി കൃഷ്ണകുമാർ, തിരുവനന്തപുരം (ഹൃദയാഘാതവും രക്തക്കുറവും); ഡോ സെൻ ദേവദത്തൻ, യുകെ (സമഗ്രചികിത്സ), ഡോ ജോർജി ഏബ്രഹാം, ചെന്നൈ (ഇലക്ട്രോലൈറ്റ്ആസിഡ് അധിഷ്ഠിത അസ്വഭാവികതകൾ); ഡോ. നീതാ ദേശ്പാണ്ഡെ, ബെൽഗാം (സാർകോപെനിക് ഒബിസിറ്റി); ഡോ. ധ്രുവി ഹസ്നാനി, അഹമ്മദാബാദ് (ക്ലിനിക്കൽ സെറ്റിംഗുകളിൽ ഭാഷകളുടെ പ്രാധാന്യം), ഡോ മാത്യു ജോൺ തിരുവനന്തപുരം (നോൺസ്റ്റീറോയ്ഡ് എംആർ എ), ഡോ ശ്രീജിത് എൻ കുമാർ (ജീവിതശൈലി) തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും മുഖ്യപ്രഭാഷണങ്ങൾ നടത്തുകയും ചെയ്തു.

ഇക്കുറി 8 രാജ്യങ്ങളിൽ നിന്നായി 1500ലേറെ ഡോക്ടർമാർ കൺവെൻഷനിൽ പങ്കെടുക്കുന്നുണ്ട്. ഒപ്പം ഡയബറ്റീസ് ചികിത്സയിലും പ്രതിരോധത്തിലും പങ്കാളികളായ നഴ്സുമാർ, ഡയറ്റീഷ്യന്മാർ, എഡ്യുക്കേറ്റർമാർ എന്നിവരും സംബന്ധിക്കുന്നു. 8 രാജ്യങ്ങളിൽ നിന്നായി 160ഓളം പ്രമുഖരാണ് വിവിധ വിഷയങ്ങളിൽ ഗവേഷണ പ്രബന്ധങ്ങളും പ്രഭാഷണങ്ങളും അവതരിപ്പിക്കുന്നത്.

മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തോടെ നടക്കുന്ന കൺവെൻഷനിൽ രാജ്യത്തെ എല്ലാ മെഡിക്കൽ കോളേജുകളിൽ നിന്നും അക്കാഡമിക് ആശുപത്രിയിൽ നിന്നുമുള്ള ഉള്ള ഗവേഷണങ്ങളുടെ ഫലങ്ങളും അവതരിപ്പിക്കുമെന്ന് കൺവെൻഷൻ സെക്രട്ടറി ഡോ. ജ്യോതിദേവ് കേശവദേവ് പറഞ്ഞു. കൺവെൻഷനിൽ അവതരിപ്പിക്കപ്പെടുന്ന പ്രധാന ഗവേഷണങ്ങൾ ഇന്റർനാഷനൽ ജേണൽ ഓഫ് ഡയബറ്റീസ് ആൻഡ് ടെക്നോളജിയിൽ പ്രസിദ്ധീകരിക്കും.

# സിപിപിആർ 20ാം വാർഷികം: ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികളുടെ ഉദ്ഘാടനം 18ന്

**കൊച്ചി:** കൊച്ചി ആസ്ഥാനമായ സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ചിന്റെ (സിപിപിആർ) 20ാം വാർഷിക പരിപാടികളുടെ ഉദ്ഘാടനം ജൂലൈ 18ന് കൊച്ചിയിൽ നടക്കും. കൊച്ചി എം.ജി റോഡിലെ ഗ്രാന്റ് ഹോട്ടലിൽ വെച്ച് നടക്കുന്ന ചടങ്ങിൽ കൊച്ചി കോർപറേഷൻ മേയർ എം അനിൽകുമാർ മുഖ്യ അതിഥിയായി പങ്കെടുക്കും. അമേരിക്കയിലെ ബ്രൗൺ യൂണിവേഴ്സിറ്റിയിലെ പൊളിറ്റിക്കൽ സയൻസ് പ്രൊഫസർ പ്രൊഫ. അശുതോഷ് വർഷ്നി 'ഇന്ത്യയുടെ ജനാധിപത്യം: പരിണാമവും വെല്ലുവിളികളും' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തും. 18ന് വൈകീട്ട് 4 മുതൽ 6 മണി വരെയാണ് പരിപാടി.

20ാം വാർഷികത്തിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന കാര്യപരിപാടികളാണ് സിപിപിആർ പദ്ധതിയിടുന്നത്. പബ്ലിക് പോളിസി ഫെസ്റ്റിവൽ, കൊച്ചി ഡയലോഗ്, കേരള വിഷൻ 2040, തുടങ്ങിയ പരിപാടികളാണ് പദ്ധതിയിലുള്ളത്. 2040ലേക്കുള്ള കേരളത്തിന്റെ വികസനം, സമ്പദ്വ്യവസ്ഥ, നിക്ഷേപങ്ങൾ, ഗതാഗതം, അടിസ്ഥാന സൗകര്യങ്ങൾ, നഗരവൽക്കരണം, സാഹിത്യം തുടങ്ങിയവയെക്കുറിച്ചുള്ള സംഭാഷണങ്ങളാണ് കേരള വിഷൻ 2040ൽ ഉണ്ടാവുക. അന്താരാഷ്ട്രീയ വിഷയങ്ങളും ചർച്ചകളും ഉൾക്കൊള്ളുന്നതാണ് കൊച്ചി ഡയലോഗ്. ദേശീയ തലത്തിലുള്ള വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്ന പരിപാടിയാണ് പബ്ലിക് പോളിസി ഫെസ്റ്റിവൽ. പദ്ധതികളുടെ ഔദ്യോഗിക പ്രഖ്യാപനം ഉദ്ഘാടന ചടങ്ങിൽ നടത്തും. ഇന്ത്യൻ കോസ്റ്റ് ഗാർഡ് മുൻ ഡയറക്ടർ വൈസ് അഡ്മിറൽ എം പി മുരളീധരൻ, റോ മുൻ ചീഫ് ഹോർമിസ് തരകൻ, മുൻ അംബാസഡർ വേണു രാജാമണി, മുൻ അംബാസഡർ ടിപി ശ്രീനിവാസൻ, ബാലഗോപാൽ ചന്ദ്രശേഖർ ഐഎഎസ് (മുൻ), പിആർ ദേവി പ്രസാദ് ഐഇഎസ് (റിട്ട), കേരള സെൻട്രൽ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. ജി ഗോപകുമാർ, ഡോ. പാർഥ് ഷാ, ഡോ. ജോഷ തോമസ്, ഡോ. രവികാന്ത് ജോഷി, ഡോ. ടി.വി. പോൾ തുടങ്ങിയവരാണ് സിപിപിആറിന്റെ ഉപദേശകരും സമിതി അംഗങ്ങളുമായി പ്രവർത്തിക്കുന്നത്.




# ഗുഡ്നൈറ്റ് ഫ്ളാഷ് ലിക്വിഡ് വേപറൈസർ അവതരിപ്പിച്ചു

**കൊച്ചി:** ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്ട്സിലെ ശാസ്ത്രജ്ഞർ അവരുടെ പങ്കാളികളുമായി ചേർന്ന് ഇന്ത്യയിൽ തദ്ദേശീയമായി വികസിപ്പിച്ചതും പേറ്റന്റ് ഉള്ളതുമായ ആദ്യത്തെ മോളിക്യൂൾ ആയ റെനോഫ്ളൂത്രിൻ വികസിപ്പിച്ചു. കൊതുകു നിയന്ത്രണത്തിനായുള്ള ഏറ്റവും ഫലപ്രദമായ ലിക്വിഡ് വേപറൈസർ ഫോർമുലേഷനാണ് ഇതുണ്ടാക്കുന്നത്.




നിലവിൽ ഇന്ത്യയിൽ ലഭ്യമായ ഏതു രജിസ്ട്രേഡ് ലിക്വിഡ് വേപറൈസർ ഫോർമാറ്റുകളേക്കാളും കൊതുകുകൾക്കെതിരെ രണ്ടു മടങ്ങു കൂടുതൽ ഫലപ്രദമാണ് റെനോഫ്ളൂത്രിനിലൂടെ നിർമിക്കുന്ന ഈ ഫോർമുലേഷൻ. വീട്ടിലെ ഇൻസെക്ടിസൈഡ്സ് വിഭാഗത്തിലെ മുൻനിരക്കാരായ ജിസിപിഎൽ തങ്ങളുടെ പുതിയ ഗുഡ്നൈറ്റ് ഫ്ളാഷ് ലിക്വിഡ് വേപറൈസറിലാണ് ഈ റെനോഫ്ളൂത്രിൻ ഫോർമേഷൻ അവതരിപ്പിക്കുന്നത്.

റീഫില്ലും വേപറൈസർ മിഷ്യനും അടങ്ങിയ സമ്പൂർണ പാക്കിന് 100 രൂപ വിലയിലാണ് ഗുഡ്നൈറ്റ് ഫ്ളാഷ് ലഭ്യമാക്കിയിട്ടുള്ളത്. റീഫില്ലുകൾ വെറും 85 രൂപ വീതമായും ലഭ്യമാക്കി ചെറിയ നഗരങ്ങളിലും പട്ടണങ്ങളിലും ഗ്രാമീണ ഭാഗങ്ങളിലുമുള്ള ഉപഭോക്താക്കൾക്കു സേവനം നൽകുകയാണ്.

# ഐ സി എ ആർ സിഫ്റ്റ് ഐസ് ബോക്സുകൾ വിതരണം ചെയ്തു

**കൊച്ചി:** കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റ് കേന്ദ്രസർക്കാരിന്റെ പട്ടികജാതി വിഭാഗങ്ങൾക്കായുള്ള (എസ് സി എസ് പി) പദ്ധതിക്ക് കീഴിൽ ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ ആതിഥേയത്വത്തിൽ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നു. മത്സ്യ ശുചിത്വം ഉറപ്പാക്കുന്നതിനു വേണ്ടിയും തെർമോക്കോൾ ബോക്സിന്റെ അമിത ഉപയോഗം കുറക്കുന്നതിനുമായി ഐസ് ബോക്സുകൾ ജൂലൈ 12, വെള്ളിയാഴ്ച വൈകിട്ട് 3 മണിക്ക് പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ സിഫ്റ്റ് വിതരണം ചെയ്തു.

എം. എൽ. എ കെ. ജെ. മാക്സി ചടങ്ങ് ഉദ്ഘാടനം ചെയ്തു. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ അധ്യക്ഷത വഹിച്ചു. എസ് സി എസ്പി പദ്ധതിക്ക് കീഴിലുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ, പട്ടികജാതി വിഭാഗത്തിലെ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിൽ സിഫ്റ്റ് സജീവമായി ഏർപ്പെട്ടിട്ടുണ്ടെന്ന് ഡയറക്ടർ പറഞ്ഞു. ഡോ എ. സുരേഷ് പ്രിൻസിപ്പൽ സയന്റിസ്റ്റ് & നോഡൽ ഓഫീസർ, എസ്.സി.എസ്.പി., സിഫ്റ്റ്, ഡോ. കെ. എ. മാർട്ടിൻ സേവ്യർ, സീനിയർ സയന്റിസ്റ്റ്, സിഫ്റ്റ്, ബേബി തമ്പി പ്രസിഡന്റ്, പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്, ജെസി ബിജു വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സാബുതോമസ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ശ്രീകുമാർ, സുപ്രണ്ട് , പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്, ജോബി പനക്കൽ വൈസ് പ്രസിഡന്റ്, പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

ഈ മേഖലയിലെ ഉൾനാടൻ മത്സ്യബന്ധനത്തിന്റെ സുസ്ഥിരതയും ഗുണനിലവാരവും വർധിപ്പിക്കുന്നതിനുള്ള സുപ്രധാന ചുവടുവെപ്പുകൂടിയാണ് ഐസ്ബോക്സുകളുടെ വിതരണം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ജീവിതം ലളിതമാക്കുകയും കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുക: സ്റ്റീവ് സ്മിത്ത്

**കൊച്ചി:** ബഹിരാകാശ യാത്രികരാകാൻ ആഗ്രഹിക്കുന്നവർക്ക് ശ്രദ്ധയും സ്ഥിരോത്സാഹവും ആർജിക്കാൻ ലളിതജീവിതം അത്യാവശ്യമാണെന്ന് മുതിർന്ന അമേരിക്കൻ ബഹിരാകാശ സഞ്ചാരി സ്റ്റീവ് സ്മിത്ത് പറഞ്ഞു. കേരളത്തിലെ സ്കൂൾ സിലബസിൽ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് (എഐ) ഉൾപ്പെടുത്തിയ നടപടിയെ അദ്ദേഹം അഭിനന്ദിച്ചു.




കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ഐബിഎമ്മുമായി സഹകരിച്ച് കൊച്ചിയിൽ സംഘടിപ്പിച്ച ദ്വിദിന ജെൻ എഐ അന്താരാഷ്ട്ര കോൺക്ലേവിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒരു ബഹിരാകാശ യാത്രികനാകാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും ശാസ്ത്രീയ മനോഭാവവും എഞ്ചിനീയറിംഗ് പരിജ്ഞാനവും അത്യന്താപേക്ഷിതമാണ്. അതിനൊപ്പം ആശയവിനിമയവും വ്യക്തിഗത ബന്ധങ്ങളും ഫലപ്രദമാക്കാനുള്ള കഴിവ് വികസിപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സംസ്ഥാന സർക്കാർ എഐയെ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വിദ്യാഭ്യാസത്തിൽ എഐ ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനായി എല്ലാ അധ്യാപകർക്കും കൈറ്റ് പരിശീലനം നൽകുന്നുണ്ടെന്നും ജെൻ എഐ കോൺക്ലേവ് ഉദ്ഘാടനം ചെയ്ത മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞിരുന്നു. മുഖ്യമന്ത്രിയുടെ ഉദ്ഘാടന പ്രസംഗം അനുസ്മരിച്ചുകൊണ്ടാണ് സ്റ്റീവ് സ്മിത്ത് മാധ്യമപ്രവർത്തകരോട് സംസാരിച്ചത്.

ലോകമെമ്പാടുമുള്ള രാജ്യങ്ങൾ 10,000 റോക്കറ്റുകൾ കഴിഞ്ഞ ദശകത്തിൽ വിക്ഷേപിച്ചിട്ടുണ്ട്. ബഹിരാകാശ ശാസ്ത്രത്തിൽ രാജ്യങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന താൽപ്പര്യത്തിന് തെളിവാണിത്. കഴിഞ്ഞ പത്ത് വർഷത്തിനിടെ 1,800 പുതിയ കമ്പനികളാണ് ഈ മേഖലയിലേക്ക് എത്തിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഭൂമി മനുഷ്യരാശിക്ക് ജീവിക്കാൻ ഏറ്റവും അനുയോജ്യമായ ഗ്രഹമായി തുടരുകയാണ് ഇപ്പോഴും. ഭൂമിയിൽ ജനസംഖ്യ വർധിക്കുമ്പോൾ ചൊവ്വയിൽ ആളുകളെ പുനരധിവസിപ്പിക്കാനുള്ള വഴികൾ കണ്ടെത്തിയ സമയമാണിതെന്ന് ചിലർ പറഞ്ഞേക്കാം. എന്നാൽ ഭൂമി ഇപ്പോഴും മനുഷ്യർക്ക് ജീവിക്കാൻ പറ്റിയ സ്ഥലമാണ്. ഭൂമിയിൽ നിന്ന് ചൊവ്വയിലേക്കുള്ള യാത്രയ്ക്ക് ഒമ്പത് മാസമാണ് കാലയളവ്. എന്നാൽ ചന്ദ്രനിലേക്ക് മൂന്നു ദിവസത്തിനുള്ളിൽ എത്തിച്ചേരാനാകും. ഇത്തരം കുടിയേറ്റങ്ങൾ സംഭവിക്കാം. എന്നാലത് ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് ശേഷം മാത്രമായിരിക്കും. അടുത്ത രണ്ട് നൂറ്റാണ്ടുകളിൽ അങ്ങനെ സംഭവിക്കണമെന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

യുഎഫ്ഒ സംബന്ധിച്ചുള്ള നിഗൂഢതകളെ വെളിപ്പെടുത്താൻ എഐ യ്ക്ക് സാധിക്കുമെന്ന് കരുതുന്നില്ലെന്നും സ്മിത്ത് പറഞ്ഞു. ബഹിരാകാശ യാത്രകളുടെ ഭാഗമായി സൃഷ്ടിക്കപ്പെടുന്ന അവശിഷ്ടങ്ങൾ ആശങ്കാജനകമാണ്. നമ്മുടെ സമുദ്രങ്ങളിലേക്ക് ഇത്തരം അവശിഷ്ടങ്ങൾ മുങ്ങുന്നത് മുങ്ങുന്നത് ഉറപ്പാക്കുന്ന സാങ്കേതികവിദ്യകൾ നമുക്കുണ്ട്. ഭൂമിയുമായുള്ള കൂട്ടിയിടി ഒഴിവാക്കാൻ അവയുടെ വ്യതിചലനം സാധ്യമാക്കുന്നതിനുള്ള പഠനങ്ങൾ നാസയിൽ നടക്കുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.




# പുതിയ സൗജന്യ എഐ പ്രോഗ്രാമുമായി എൻട്രി

**കൊച്ചി:** നിർമ്മിത ബുദ്ധിയിലെ നൈപുണ്യവികസനം സാധ്യമാക്കുന്ന സൗജന്യ എഐ പ്രോഗ്രാമുമായി എൻട്രി. 22 ഭാഷകളിലാണ് എഐ പഠനം സാധ്യമാക്കുന്ന ടമസവെമൃമവേമ.മശ പ്രോഗ്രാം വ്യവസായനിയമകയർ വകുപ്പ് മന്ത്രി പി രാജീവ് കൊച്ചിയിൽ നടന്ന ജെൻ എഐ കോൺക്ലേവിൽ വച്ച് നിർവഹിച്ചു. കേരള സ്റ്റാർട്ടപ്പ് മിഷനിൽ ഇൻകുബേറ്റ് ചെയ്ത സ്റ്റാർട്ടപ്പാണ് എൻട്രി.

നൈപുണ്യശേഷിയിൽ നേരിടുന്ന വലിയ വിടവാണ് വലിയ തൊഴിൽ സാധ്യതകളിൽ രാജ്യത്തെ പിന്നാക്കം വലിക്കുന്നതെന്ന് എൻട്രി സ്ഥാപകനും സിഇഒയുമായ മുഹമ്മദ് ഹിസാമുദ്ദീൻ പറഞ്ഞു. ഇംഗ്ലീഷ് ഭാഷയിലുള്ള പരിചയക്കുറവും പ്രാദേശികഭാഷകളിൽ സാങ്കേതികവിഷയങ്ങൾ പഠിപ്പിക്കാത്തതുമാണ് ഇതിനുള്ള കാരണങ്ങൾ. 18 നും 35 നും ഇടയിൽ പ്രായമുള്ള 40 കോടി ജനങ്ങൾ ഇന്ന് ഇന്ത്യയിലുണ്ട്. ഇവരെ ലക്ഷ്യം വച്ചു കൊണ്ടാണ് വിവിധ ഭാഷകളിൽ ടമസവെമൃമവേമ.മശ പുറത്തിറക്കുന്നത്. തുടക്കത്തിൽ മലയാളം, തമിഴ് എന്നീ ഭാഷകളിലാണ് ടമസവെമൃമവേമ.മശ പുറത്തിറങ്ങുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പൊതുസമൂഹത്തിന് എഐ അടിസ്ഥാന പരിജ്ഞാനം നൽകുകയാണ് ടമസവെമൃമവേമ.മശ ചെയ്യുന്നത്. പ്രാഥമിക എഐ ആശയങ്ങൾ, പ്രായോഗിക പരിശീലനം, ധാർമ്മികത, തുടങ്ങിയവയ്ക്കൊപ്പം ഭാഷാപരമായ എല്ലാ വൈവിദ്ധ്യങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.എഐ ആമുഖം, ജെൻ എഐ ഉപകരണങ്ങൾ, പ്രോംപ്റ്റ് എൻജിനീയറിംഗ്, എഐ യുടെ ഭാവിയും ധാർമ്മിക മൂല്യങ്ങളും എന്നിങ്ങനെയാണ് പാഠ്യപദ്ധതി. ദൈനംദിന ജോലിയുടെ ഗുണനിലവാരം കൂട്ടുക, കാര്യക്ഷമമാക്കുക തുടങ്ങിയവയ്ക്ക് എഐയുടെ സഹായം നേടാൻ ഇതുവഴി സാധിക്കും. കോഴ്സിനു ശേഷം എൻട്രിയിൽ നിന്ന് സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്.

മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനും നൈപുണ്യ ശേഷി വർധിപ്പിക്കുന്നതിനും പ്രാദേശികഭാഷയിൽ പാഠ്യപദ്ധതി നടത്തുന്നതാണ് എൻട്രി. രാജ്യത്തുടനീളം 1.4 കോടി പേർ എൻട്രിയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

# എഐ കമ്പനി നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ അടുത്ത വർഷം ഗ്ലോബൽ ഇൻവെസ്റ്റ്മെൻറ് മീറ്റ് സംഘടിപ്പിക്കും: മന്ത്രി പി രാജീവ്

**കൊച്ചി:** എഐ മേഖലയിലെ കമ്പനികളിൽ നിന്നുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 2025 ജനുവരിയിൽ കൊച്ചിയിൽ ഗ്ലോബൽ ഇൻവെസ്റ്റ്മെൻറ് മീറ്റ് സംഘടിപ്പിക്കുമെന്ന് വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി പി രാജീവ് അറിയിച്ചു. ആർട്ടിഫിഷ്യൽ ഇൻറലിജൻസി (എഐ)ൻറെ പരിവർത്തന സാധ്യതകളും സമൂഹത്തിലും സമ്പദ് വ്യവസ്ഥയിലും അതിൻറെ സ്വാധീനവും ചർച്ചചെയ്ത ദ്വിദിന രാജ്യാന്തര ജെനറേറ്റീവ് എഐ കോൺക്ലേവിൻറെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു രാജീവ് .

കേരളത്തിലെ എഐ ആവാസവ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനുള്ള വ്യവസായ വകുപ്പിൻറെ ഭാവിപദ്ധതികൾ ചടങ്ങിൽ മന്ത്രി പ്രഖ്യാപിച്ചു. അഞ്ച് മാസത്തെ പ്രാഥമിക പ്രവർത്തനങ്ങൾക്ക് ശേഷം അടുത്ത വർഷം ജനുവരി 14,15 തിയതികളിൽ ആയിരിക്കും ഗ്ലോബൽ ഇൻവസ്റ്റേഴ്സ് മീറ്റ് നടത്തുക.

പ്രഥമ രാജ്യാന്തര ജനറേറ്റീവ് എഐ കോൺക്ലേവിൻറെ തുടർച്ചയായി നടക്കാൻ പോകുന്നത് ചെറുതും വലുതുമായ ആറ് യോഗങ്ങളാണെന്ന് മന്ത്രി പറഞ്ഞു. ജെൻ എഐയുടെ തുടർച്ചയായി പത്രണ്ട് മേഖലകളിലായി റൗണ്ട് ടേബിൾ യോഗങ്ങൾ നടത്തും. ഇതിൽ അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ ആഗസ്റ്റ് 24 ന് കൊച്ചിയിൽ നടക്കും. ഈ രംഗത്തെ നിക്ഷേപകർ, വിദഗ്ധർ എന്നിവർക്കു പുറമെ റോബോട്ടിക് മേഖലയിൽ താത്പര്യമുള്ള വിദ്യാർത്ഥികൾ സംരംഭകർ എന്നിവരെയും സമ്മേളനത്തിൽ പ്രതീക്ഷിക്കുന്നുണ്ട്.

നിക്ഷേപസാധ്യത പരിശോധിക്കുന്നതിനു വേണ്ടി ബഹുരാഷ്ട്ര കമ്പനികളുടെ പ്രതിനിധികളുമായി ആഗസ്റ്റ് അഞ്ചിന് യോഗം ചേരുമെന്ന് മന്ത്രി പറഞ്ഞു. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അഞ്ച് കോടി രൂപ വരെയെങ്കിലും നിക്ഷേപം നടത്തിയ 200 പേരുടെ യോഗം ജൂലായ് 29 വിളിച്ചു ചേർക്കും. ഇവരുടെ നിക്ഷേപ സാധ്യതകൾ ഉയർത്തുന്നത് പരിശോധിക്കുന്നതിനു വേണ്ടിയാണ് യോഗം. നിക്ഷേപ സമാഹരണത്തിനായി ചെന്നൈ, മുംബൈ, ഡൽഹി എന്നിവിടങ്ങളിൽ റോഡ് ഷോ നടത്തും. സെപ്തംബർ അവസാനം ലൈഫ് സയൻസസ് പാർക്കിൽ ബയോകണക്ട് സംഘടിപ്പിക്കും. ഇതിലൂടെ 500 കോടി രൂപയുടെ നിക്ഷേപമാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, ഐബിഎം സോഫ്റ്റ് വെയർ പ്രൊഡക്ട്സ് സീനിയർ വൈസ് പ്രസിഡൻറ് ദിനേശ് നിർമ്മൽ എന്നിവരും സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

കോൺക്ലേവിനു മുന്നോടിയായി പ്രാദേശിക സ്റ്റാർട്ടപ്പുകൾക്കായി വാട്സൺഎക്സ് പ്ലാറ്റ് ഫോമുകളിൽ സംഘടിപ്പിച്ച ഹാക്കത്തണിൽ എഐവിസ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് വിജയികളായി.

കോളേജ് വിദ്യാർത്ഥികൾക്കായുള്ള ഹാക്കത്തണിൽ കോട്ടയം അമൽ ജ്യോതി കോളേജ് ഓഫ് എൻജിനീയറിങ്, തൃശ്ശൂർ സഹൃദയ കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി, പാലക്കാട് എൻഎസ്എസ് കോളേജ് ഓഫ് എൻജിനീയറിങ് എന്നിവ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി.

ഡെവലപ്പർമാർ, ബിസിനസ് പ്രമുഖർ, അക്കാദമിക് വിദഗ്ധർ, വിദ്യാർത്ഥികൾ, മാധ്യമങ്ങൾ, സർക്കാർ ഉദ്യോഗസ്ഥർ, ഐബിഎം ക്ലയൻറുകൾ, പങ്കാളികൾ എന്നിവരുൾപ്പെടെ എഐ മേഖലയിൽ നിന്നുള്ള രണ്ടായിരത്തോളം പേരാണ് കൊച്ചിയിലെ ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇൻററനാഷണൽ കൺവെൻഷൻ സെൻററിൽ നടന്ന എഐ കോൺക്ലേവിൽ പങ്കെടുത്തത്. ഐബിഎം അംഗങ്ങൾ, വ്യവസായ ടെക്നോളജി വിദഗ്ധർ തുടങ്ങിയവർ എഐയുടെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കിട്ടു.

ഡെമോകൾ, ആക്ടിവേഷനുകൾ, വ്യവസായ വിദഗ്ധരുമായുള്ള കൂടിക്കാഴ്ച എന്നിവയും കോൺക്ലേവിൽ നടന്നു.

എഐ സാങ്കേതികവിദ്യയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ നേരിട്ട് മനസ്സിലാക്കാൻ സാധിക്കുന്ന സംവിധാനങ്ങളും ഒരുക്കിയിരുന്നു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ഐബിഎമ്മുമായി ചേർന്നാണ് സമ്മേളനം



മന്ത്രി പി. രാജീവിന്റെ സാന്നിധ്യത്തിൽ, കൊച്ചി വിമാനത്താവളത്തിൽ വച്ച് നടന്ന ചടങ്ങിൽ, സി.ഐ.എ.എസ്.എൽ അക്കാദമിയെ കുസാറ്റിന്റെ അംഗീകൃത സ്ഥാപനമായി മാറ്റുന്നതിനുള്ള ധാരണാപത്രം, സിയാൽ എം.ഡിയും സി.ഐ.എ.എസ്.എൽ ചെയർമാനുമായ എസ് സുഹാസും കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി.ജി. ശങ്കരനും കൈമാറുന്നു. ചാലക്കുടി എംപി ബെന്നി ബഹനാൻ, എം.എൽ.എ.മാരായ അൻവർ സാദത്ത്, റോജി എം. ജോൺ, സി.ഐ.എ.എസ്.എൽ എം.ഡി സന്തോഷ് ജെ. പൂവട്ടിൽ, കുസാറ്റ് രജിസ്ട്രാർ ഡോ. വി. ശിവാനന്ദൻ ആചാരി എന്നിവർ സമീപം.

# സിയാൽ അക്കാദമി എവിയേഷൻ കോഴ്സുകൾക്ക് കുസാറ്റ് അംഗീകാരം

**കൊച്ചി :** കൊച്ചിൻ ഇന്റർനാഷണൽ ഏവിയേഷൻ സർവീസസ് ലിമിറ്റഡ് (സി.ഐ.എ.എസ്.എൽ) നടത്തുന്ന എവിയേഷൻ അനുബന്ധ കോഴ്സുകൾക്ക് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്) യുടെ അംഗീകാരം.മന്ത്രി പി.രാജീവ്, സിയാൽ മാനേജിങ് ഡയറക്ടറും സി.ഐ.എ.എസ്.എൽ ചെയർമാനുമായ എസ്.സുഹാസ് ഐ.എ.എസ്, കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി.ജി. ശങ്കരൻ എന്നിവരുടെ സാന്നിധ്യത്തിൽ, കൊച്ചി വിമാനത്താവളത്തിൽ നടന്ന ചടങ്ങിൽ ഇതു സംബന്ധിച്ച ധാരണാപത്രം ഒപ്പുവെച്ചു. കുസാറ്റിനെ പ്രതിനിധീകരിച്ച് രജിസ്ട്രാർ ഡോ.വി.ശിവാനന്ദൻ ആചാരിയും സി.ഐ.എ.എസ്.എൽ അക്കാദമിക്ക് വേണ്ടി സി.ഐ.എ.എസ്.എൽ മാനേജിങ് ഡയറക്ടർ സന്തോഷ് ജെ.പൂവട്ടിലുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. ബെന്നി ബഹനാൻ എംപി, എംഎൽഎമാരായ റോജി എം ജോൺ, അൻവർ സാദത്ത്, സിയാലിലെയും കുസാറ്റിലെയും ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഇതോടെ, സിയാൽ അക്കാദമി കുസാറ്റിന്റെ അംഗീകൃത സ്ഥാപനമായി മാറും. അക്കാദമിയിൽ പരിശീലനം നേടിയവർക്ക് പരീക്ഷയുൾപ്പെടെയുള്ള കാര്യങ്ങളിൽ കുസാറ്റിന്റെ അംഗീകാരത്തോടു കൂടി കോഴ്സുകൾ പൂർത്തീകരിക്കാനാവും.

കുസാറ്റുമായുള്ള പങ്കാളിത്തം സി.ഐ.എ.എസ്.എല്ലിന്റെ അക്കാദമിക പ്രവർത്തനങ്ങൾക്ക് കരുത്ത് പകരുമെന്ന് എസ് സുഹാസ് ഐ.എ.എസ് പറഞ്ഞു. വ്യോമയാന രംഗത്ത് മികച്ച ഉദ്യോഗാർഥികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ 2009ൽ സ്ഥാപിതമായ സിയാൽ ഏവിയേഷൻ അക്കാദമി, ഏവിയേഷൻ മേഖലയിൽ വിവിധ പരിശീലന കോഴ്സുകൾ നൽകിവരുന്നു.

ഓരോ വർഷവും, ഇന്ത്യയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നായി 4000ത്തിലധികം വിദ്യാർത്ഥികളാണ് പരിശീലനത്തിനായി അക്കാദമിയിൽ എത്തുന്നത്. കാനഡയിലെ മോൺട്രിയലിലുള്ള എയർപോർട്ട് കൗൺസിൽ ഇന്റർനാഷണലിന്റെ (എ.സി.ഐ) അംഗീകൃത പരിശീലന പങ്കാളി കൂടിയാണ് സി.ഐ.എ.എസ്.എൽ അക്കാദമി.

# അധിക ട്രെയിനുകൾ ആരംഭിക്കുമെന്ന് കെഎംആർഎൽ

**കൊച്ചി :** വർദ്ധിച്ചുവരുന്ന യാത്രക്കാരുടെ എണ്ണം കണക്കിലെടുത്ത്, 2024 ജൂലൈ 15 മുതൽ അധിക ട്രെയിനുകൾ ആരംഭിക്കുമെന്ന് കെഎംആർഎൽ.ഈ വർഷം കൊച്ചി മെട്രോയിൽ 1,64,27,568 യാത്രക്കാർ യാത്ര ചെയ്തു കഴിഞ്ഞു. കഴിഞ്ഞ പത്ത് ദിവസമായി കൊച്ചി മെട്രോയ്ക്ക് പ്രതിദിനം 1 ലക്ഷത്തിലധികം യാത്രക്കാരെ ലഭിച്ചതിനാൽ, കൂടുതൽ സുഖകരവും സൗകര്യപ്രദവുമായ യാത്രാനുഭവം ഉറപ്പാക്കാൻ, ഗങ്ങഘല അതിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള സുപ്രധാന നടപടികൾ കൈക്കൊള്ളുന്നു. 2024 ജൂലൈ 15 മുതൽ ഒരു ദിവസം 12 ട്രിപ്പുകൾ കൂടുതൽ ചേർക്കുന്നു. തിരക്കുള്ള സമയങ്ങളിൽ യാത്രക്കാരുടെ തിരക്ക് ലഘൂകരിക്കാനും ട്രെയിനുകൾക്കിടയിലുള്ള കാത്തിരിപ്പ് സമയം കുറയ്ക്കാനും ഈ കൂട്ടിച്ചേർക്കൽ ലക്ഷ്യമിടുന്നു. നിലവിൽ, രാവിലെ 8:00 മുതൽ 10:00 വരെയും വൈകുന്നേരം 4:00 മുതൽ 7:00 വരെയുമുള്ള തിരക്കേറിയ സമയങ്ങളിൽ രണ്ട് ട്രെയിനുകൾ തമ്മിലുള്ള ഹെഡ് വേ 7 മിനിറ്റും 45 സെക്കൻഡുണ്. പുതിയ ഷെഡ്യൂൾ വരുന്നതോടെ ഈ ഹെഡ് വേ വെറും 7 മിനിറ്റായി ചുരുങ്ങും.

# ജെഎസ് ഡബ്ല്യൂ ഗ്രൂപ്പ് എംഎസ്ആർഐടിയും ഷാരികയും ധാരണാപത്രം ഒപ്പു വെച്ചു

**കൊച്ചി:** ജെഎസ് ഡബ്ല്യൂ ഗ്രൂപ്പ് എംഎസ് രാമയ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഷാരിക എൻറർപ്രൈസസിൻറെ ഡിവിഷനായ ഷാരിക സ്മാർട്ട്ടെക് എന്നിവയുമായി ചേർന്ന് ബെംഗലൂരുവിൽ സ്മാർട്ട് ഗ്രിഡ് സാങ്കേതികവിദ്യകൾക്കായുള്ള ധാരണാപത്രം ഒപ്പു വെച്ചു. ബംഗലൂരുവിലെ എംഎസ്ആർഐടി കാമ്പസിലായിരിക്കും ഇതു സ്ഥാപിക്കുക. ഇതിനുള്ള സാമ്പത്തിക ഗ്രാൻറ് ജെഎസ്ഡബ്ലിയു ഗ്രൂപ്പ് നൽകും. നിർമിത ബുദ്ധി, ഡീപ് ലേണിങ്, ബിഗ് ഡാറ്റ, ബ്ലോക്ക് ചെയിൻ, നെറ്റ് വർക്കിങ്, ഓട്ടോമേഷൻ എന്നിവയുടെ വളർച്ചയുടെ പശ്ചാത്തലത്തിൽ വൈദ്യുത, ഊർജ്ജ മേഖലകളിൽ നവീനമായ ഇടപെടലുകൾ വളരെ നിർണായകമാണ്.

# എംഎസ്എംഇകളുടെ ഡിജിറ്റൽ വളർച്ച ശാക്തീകരിക്കാൻ വി ബിസിനസ് പേയു സഹകരണം

**കൊച്ചി:** രാജ്യത്തെ എംഎസ്എംഇകളുടെ ഡിജിറ്റൽ മുന്നേറ്റത്തെ കൂടുതൽ ശക്തിപ്പെടുത്താനായി മുൻനിര ടെലികോം സേവനദാതാവായ വിയുടെ സംരംഭകത്വ വിഭാഗമായ വി ബിസിനസ് മുൻനിര ഡിജിറ്റൽ സേവന ദാതാവായ പേയുവുമായി സഹകരിക്കും. ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങൾക്ക് ഡിജിറ്റൽ പെയ്മെൻറ് സൗകര്യങ്ങൾ ഏർപ്പെടുത്താനായണ് ഈ സഹകരണം.

പണമടക്കൽ, ഇപ്പോൾ വാങ്ങി പിന്നീടു പണം നൽകുന്ന സൗകര്യങ്ങൾ, വാട്ട്സാപ്പുമായുള്ള തടസമില്ലാത്ത സംയോജനം തുടങ്ങിയ നിരവധി സൗകര്യങ്ങൾ ലഭിക്കും. എംഎസ്എംഇ വിഭാഗങ്ങൾക്കായുള്ള റെഡിഫോർനെക്സ്റ്റ് പദ്ധതിയുടെ ഭാഗമായി നിരവധി സൗകര്യങ്ങളാണ് വി ബിസിനസ് ലഭ്യമാക്കുന്നത്.

ചെറുകിട, ഇടത്തരം സംരംഭങ്ങളെ ഡിജിറ്റലായി ശാക്തീകരിക്കുന്നതിലുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് പേയുവുമായുള്ള തങ്ങളുടെ സഹകരണം വ്യക്തമാക്കുന്നതെന്ന് വോഡഫോൺ ഇന്ത്യ ചീഫ് എൻറർപ്രൈസ് ബിസിനസ് ഓഫിസർ അരവിന്ദ് നേവാറ്റിയ പറഞ്ഞു. ബിസിനസ്, ഡിജിറ്റൽ ഫിനാൻസ് സംബന്ധിച്ച നിരവധി സേവനങ്ങളാണ് ഈ സഹകരണത്തിലൂടെ ലഭ്യമാക്കുന്നതെന്ന് പേയു ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അനിർബൻ മുഖർജി പറഞ്ഞു

